(ബി) പൊതുഭരണ സെക്രട്ടേറിയറ്റിൽ അനേക വർഷമായി സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന 27 സെക്യൂരിറ്റി ഗാർഡുമാർ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ച് സർക്കാരിന് നിരന്തരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. ആയതിന്റെ നടപടികൾ പൂർത്തീകരിച്ച് ഉത്തരവായപ്പോഴേക്കും പി.എസ്.സി. സെക്യൂരിറ്റി ഗാർഡ് റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും ചെയ്തു. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്ത ഒഴിവുകളിൽ 27 എണ്ണം തിരികെ വിളിപ്പിച്ച് ആയതിലേയ്ക്ക് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണുണ്ടായത്. അവരിൽ 6 പേരൊഴികെ മറ്റെല്ലാവരും സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തുകഴിഞ്ഞു. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് കാലങ്ങളായി സ്വീകരിച്ചുവരുന്ന നടപടി പൂർത്തീകരിക്കുന്നത് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ഏതാനും ദിനങ്ങൾക്ക് ശേഷമാണ്.

(സി) ഉണ്ട്. ബഹു. കോടതിയുടെ അന്തിമ വിധി പ്രകാരം പി.എസ്.സി. റാങ്ക് ലിസ്റ്റ് മുഖേന നിയമിതരായവർക്ക് സീനിയോറിറ്റി നിശ്ചയിച്ച് ലിസ്റ്റ് പ്രസിദ്ധീകരിക്കാനാണ് ഉത്തരവായത്.

(ഡി) ഉണ്ട്. പ്രസ്തുത കോടതി വിധി അനുസരിച്ച് പ്രസ്തുത കേസിലെ വാദികളായ, കേരള പി.എസ്.സി. മുഖേന നിയമിതരായവർക്ക് ശേഷം മാത്രമേ സ്ഥിരപ്പെടുത്തിയ സെക്യൂരിറ്റി ജീവനക്കാർക്ക് നിയമനം നൽകുകയുള്ളുവെന്ന് പ്രസ്താവിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി

28 (1850) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ആറുദിന കർമ്മ പരിപാടി രൂപീകരിക്കുകയും അതിന്റെ ഭാഗമായി 2014 മെയ്-ജൂൺ മാസങ്ങളിൽ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മൂന്നു മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിക്കുക എന്നതും ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകാതെ സമയബന്ധിതമായി അവയുടെ തീർപ്പാക്കലുമാണ് മേൽപ്പറഞ്ഞ പദ്ധതികൾ ലക്ഷ്യമിടുന്നത്.

(സി) ഫയൽ അദാലത്തുകളിൽക്കൂടി വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്തുതന്നെ എടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ നീക്കം സുഗമമാക്കുന്നതിനുമായി 4-8-2015-ലെ 12960/എ.ആർ.14(2)/15/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ അനുബന്ധമായി* ചേർത്തിരിക്കുന്നു.)

കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ള സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

29 (1851) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് കേഡറുകളിൽ ഉണ്ടാവേണ്ട സ്റ്റാഫ് സ്ട്രെങ്ത് എത്ര ; അതിൽ എത്ര ഒഴിവുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.